# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2080 05.12.2018-ൽ മറുപടിക്ക്

## സന്നിധാനത്തെ നിയന്ത്രണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എം. വിൻസെന്റ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിൽ പോലീസ് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെതിരെ കേരള ഹൈക്കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശബരിമലയിൽ ഭക്തർക്ക് പോലീസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു എന്ന് ആവലാതിപ്പെട്ടും ശബരിമലയിലും അനുബന്ധ പ്രദേശങ്ങളിലും നടപ്പിലാക്കിയിട്ടുള്ള ക്രിമിനൽ നടപടി ചട്ടം 144 പ്രകാരമുള്ള ഉത്തരവിനെ ചോദ്യം ചെയ്തും സമർപ്പിക്കപ്പെട്ട 37645/2018-ഉം അനുബന്ധ റിട്ട് ഹർജികളും ബഹുമാനപ്പെട്ട ഹൈക്കോടതി 21.11.2018-ന് പരിഗണിക്കുകയും ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ ഉത്തരവിൽ പോലീസിനെതിരായി വിപരീത പരാമർശങ്ങൾ ഒന്നും തന്നെയില്ല.<br><br>മറ്റൊരു കൂട്ടം റിട്ട് ഹർജികളിൽ 27.11.2018-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 16.11.2018-ൽ മണ്ഡലകാലത്ത് നട തുറന്ന ദിവസം അന്നദാനം പതിനൊന്നു മണിക്ക് നിർത്തണമെന്നും അപ്പം, അരവണ കൗണ്ടർ പതിനൊന്നു മണിക്ക് അടയ്ക്കണമെന്നും, സന്നിധാനത്തെ |

മുറികളുടെ താക്കോലുകൾ പോലീസിനെ ഏൽപ്പിക്കണമെന്നുമുള്ള 16.11.2018-ലെ പോലീസ് നിർദ്ദേശങ്ങളെ 27.11.2018-ലെ ടി ഉത്തരവിൽ കോടതി വിമർശിച്ചു. പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിച്ച 16.11.2018-ൽ തന്നെ പോലീസ് അവ പിൻവലിച്ചത് കൊണ്ട് കൂടുതലായി ഈ വിഷയം പരിഗണിക്കേണ്ടതില്ല എന്ന് കോടതി തീരുമാനിച്ചു. പോലീസ് ആക്ട് സെക്ഷൻ 83 പ്രകാരം സർക്കാർ വിജ്ഞാപനത്തിലൂടെ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ പാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാനല്ലാതെ, പോലീസിന് ഏകപക്ഷീയമായി നിയന്ത്രണങ്ങൾ പുറപ്പെടുവിക്കാൻ കഴിയില്ല എന്ന് ടി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ക്രമസമാധാന പാലനത്തിനും തിരക്ക് നിയന്ത്രിക്കുന്നതിനും സുരക്ഷാ കാര്യങ്ങൾക്കും ആവശ്യമായ നിയന്ത്രണങ്ങൾ പോലീസിന് നടത്താമെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) അയ്യപ്പ ഭക്തന്മാർ രാത്രിയിൽ നെയ്യഭിഷേകത്തിനായി സന്നിധാനത്ത് തങ്ങാൻ പാടില്ലെന്നും ദർശനം കഴിഞ്ഞാലുടൻ തിരിച്ചു പോകണമെന്നുമുള്ള പോലീസിന്റെ നിബന്ധന മതാചാരങ്ങൾ അനുഷ്ഠിക്കാനുള്ള വ്യക്തിയുടെ അവകാശത്തിന്റെ ലംഘനമായി കോടതി നിരീക്ഷിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |

| | |
|---|---|
| (സി) ആചാരങ്ങൾ അനുഷ്ഠിക്കുന്നതിന് അയ്യപ്പ ഭക്തന്മാർക്ക് യാതൊരു തടസവും പോലീസ് സൃഷ്ടിക്കാൻ പാടില്ല എന്ന കോടതിയുടെ പരാമർശം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ? | സി) ശബരിമലയിൽ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിന് അയ്യപ്പഭക്തൻമാർക്ക് പോലീസിന്റെ ഭാഗത്തുനിന്നും യാതൊരുവിധ തടസ്സവും സൃഷ്ടിച്ചിട്ടില്ല. ദർശനത്തിനായി എത്തുന്ന എല്ലാ അയ്യപ്പഭക്തന്മാർക്കും സുഗമമായി ദർശനവും മറ്റും നടത്തുന്നതിനു വേണ്ടി എല്ലാവിധ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ